"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട്, കിനാവല്ലൂർ, പറളി ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ബോട്ടണി) ശ്രീമതി.എം.ധനലക്ഷ്മി ഫയൽ ചെയ്ത WP( C) No.14849/2021, ടി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (സുവോളജി) ശ്രീമതി.കെ.എം.ദിവ്യ ഫയൽ ചെയ്ത WP( C) 15180/2021 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 31.5.2023 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.65/2024/GEDN തീയതി,തിരുവനന്തപുരം, 03-01-2024

---

പരാമർശം:-

1. പാലക്കാട്, കിനാവല്ലൂർ, പറളി ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ബോട്ടണി) ശ്രീമതി.എം.ധനലക്ഷ്മി ഫയൽ ചെയ്ത WP( C) No.14849/2021, ടി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (സുവോളജി) ശ്രീമതി.കെ.എം.ദിവ്യ ഫയൽ ചെയ്ത WP( C) 15180/2021 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 31.5.2023 തീയതി പൊതു വിധിന്യായം.
2. മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവിയുടെ 27/11/2023 തീയതിയിലെ ആർഡിഡിഎച്ച്എസ്സ്ഇ/എംഎൽ പിഎം/3970/2023- ജി നമ്പർ കത്ത്.
3. പൊതു വിദ്യാദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കന്ററി വിഭാഗം) 28/11/2023 തീയതിയിലെ എച്ച് എസ്സ് ഇ/13426/2023/ എസിഡി2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട്, കിനാവല്ലൂർ, പറളി ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ബോട്ടണി) ശ്രീമതി.എം.ധനലക്ഷ്മി ഫയൽ ചെയ്ത WP( C) No.14849/2021, ടി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (സുവോളജി) ശ്രീമതി.കെ.എം.ദിവ്യ ഫയൽ ചെയ്ത WP( C) 15180/2021 എന്നീ റിട്ട് ഹർജികളിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 പൊതു വിധിന്യായത്തിൽ ടി ഹർജിക്കാർ സർക്കാരിൽ സമർപ്പിക്കുന്ന ഹർജി ടിയാളുകളെ കേട്ട് തീർപ്പാക്കാൻ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം 28.11.2023ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി.

2. ഹർജിക്കാരിയായ ശ്രീമതി. കെ.എം. ദിവ്യയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു. (WP(C) No.15180/2021)

"പാലക്കാട് ജില്ലയിലെ പറളി ഹയർ സെക്കന്ററി സ്കൂളിൽ ഹർജിക്കാരിയെ 8.1.2014 മുതൽ എച്ച്.എസ്.എസ്.ടി സുവോളജി ജൂനിയർ തസ്തികയിൽ മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം മലപ്പുറം മേഖല ഉപമേധാവി അംഗീകരിച്ച് ഉത്തരവായിരുന്നു. 08.01.2014 മുതൽ എച്ച്.എസ്.എസ്.ടി ബോട്ടണി ജൂനിയർ തസ്തികയിൽ 21.8.2017 വരെ തുടരുകയും അതിനുശേഷം തസ്തിക അപ്ഗ്രേഡ് ചെയ്ത് അപ്രൂവൽ അനുവദിച്ച ശമ്പളവും ആനുകൂല്യവും അനുവദിച്ചുവരുന്നു. 2014-15 അദ്ധ്യയന വർഷം മുതൽ തസ്തിക അപ്ഗ്രേഡ് ചെയ്തതിനാൽ 21.8.2017 വരെയുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർക്കുള്ള തസ്തിക ശമ്പളത്തിന് അർഹതയുണ്ട്. ആയത് അനുവദിക്കുന്നതിന് അപേക്ഷിക്കുന്നു."

3. ഹർജിക്കാരിയായ ശ്രീമതി. എം. ധനലക്ഷ്മിയുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു. (WP (C) No.14849/2021)

"പാലക്കാട് ജില്ലയിലെ പറളി ഹയർ സെക്കന്ററി സ്കൂളിൽ ഹർജിക്കാരിയെ എച്ച്.എസ്.എസ്.ടി ബോട്ടണി ജൂനിയർ തസ്തികയിൽ മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം മലപ്പുറം മേഖല ഉപമേധാവി അംഗീകരിച്ച് ഉത്തരവായിരുന്നു. 25.1.2012 മുതൽ എച്ച്.എസ്.എസ്.ടി ബോട്ടണി ജൂനിയർ തസ്തികയിൽ 21.8.2017 വരെ തുടരുകയും അതിനുശേഷം തസ്തിക അപ്ഗ്രേഡ് ചെയ്ത് അപ്രൂവൽ അനുവദിച്ച ശമ്പളവും ആനുകൂല്യവും അനുവദിച്ച വരുന്നു. 2014-15 അദ്ധ്യയന വർഷം മുതൽ തസ്തിക അപ്ഗ്രേഡ് ചെയ്തതിനാൽ 21.8.2017 വരെയുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർക്കുള്ള തസ്തിക ശമ്പളത്തിന് അർഹതയുണ്ട്. ആയത് അനുവദിക്കുന്നതിന് അപേക്ഷിക്കുന്നു. "

4. ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ, മലപ്പുറം മേഖല ഉപമേധാവി എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്:

"പാലക്കാട്, കിനാവല്ലൂർ, പറളി ഹയർസെക്കന്ററി സ്കൂളിൽ 2014-15 അദ്ധ്യയന വർഷം മുതൽ 21.8.2017 വരെ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ വർക്ക് ചെയ്തതിന്റെ അരിയർ നൽകണമെന്ന് ആവശ്യപ്പെട്ടാണ് ടി അദ്ധ്യാപികമാർ ബഹു.ഹൈക്കോടതിയിൽ ടി റിട്ട് ഹർജികൾ ഫയൽ ചെയ്തിരിക്കുന്നത്.

പാലക്കാട്, കിനാവല്ലൂർ, പറളി ഹയർ സെക്കന്ററി സ്കൂളിൽ 2010-11 അക്കാദമിക വർഷത്തിൽ സൃഷ്ടിക്കപ്പെട്ട സയൻസ് ബാച്ചിൽ നിയമിതരായ ശ്രീമതി.ദിവ്യ.കെ, ശ്രീമതി.ധനലക്ഷ്മി.എം എന്നിവർക്ക് എച്ച്.എസ്.എസ്.റ്റി ജൂനിയർ സുവോളജി, എച്ച്.എസ്.എസ്.റ്റി ജൂനിയർ ബോട്ടണി എന്നീ തസ്തികകളിൽ യഥാക്രമം നിയമനാംഗീകാരം ലഭിച്ചിരുന്നു. 31.7.2014-ലെ G.O (MS) No.143/2014/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടി സ്കൂളിൽ അനുവദിച്ച അഡീഷണൽ സയൻസ് ബാച്ചിൽ 21.8.2017 -ലെ G.O (MS) No.106/2017/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ചും അപ്ഗ്രേഡ് ചെയ്തും ഉത്തരവായപ്പോൾ ആയതിന് മുൻകാല പ്രാബല്യം അനുവദിച്ചിരുന്നില്ല. ആയതിനാൽ മലപ്പുറം ആർ.ഡി.ഡി യുടെ 10.7.2018-ലെ ജി/640/18/ആർ.ഡി.ഡി/എച്ച്.എസ്.ഇ നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.ദിവ്യ.കെയ്ക്ക് എച്ച്.എസ്.എസ്.റ്റി സുവോളജി തസ്തികയിലും, ശ്രീമതി.ധനലക്ഷ്മി.എം ന് എച്ച്.എസ്.എസ്.റ്റി ബോട്ടണി തസ്തികയിലും 21.8.2017 മുതൽ നിയമനാംഗീകാരം നൽകിയിട്ടുണ്ട്.

31.7.2014-ലെ G.O (MS) No.143/2014/GEDN നമ്പർ പ്രകാരം അനുവദിച്ച തസ്തികകൾക്ക് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല എന്ന് ടി സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ 21.8.2017 -ലെ G.O (MS) No.106/2017/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തസ്തികകളിൽ ടി സ്കൂളിലെ അദ്ധ്യാപികമാരായ ശ്രീമതി.ദിവ്യ.കെ., ശ്രീമതി.ധനലക്ഷ്മി.എം എന്നിവർക്ക് (അപ്ഗ്രേഡ് തസ്തികയിൽ) മേൽ സർക്കാർ ഉത്തരവ് തീയതിയായ 21.8.2017 തീയതി പ്രാബല്യത്തിൽ എച്ച്.എസ്.എസ്.റ്റി തസ്തികയിൽ നിയമനാംഗീകാരം നൽകിയിട്ടുള്ളതായി കാണുന്നു."

5. സർക്കാർ ഇക്കാര്യം ഹിയറിംഗ് സമയത്തെ വാദം, കെ.ഇ.ആർ ചട്ടങ്ങൾ, ഹാജരാക്കപ്പെട്ട രേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 31.7.2014-ലെ G.O (MS) No.143/2014/GEDN നമ്പർ പ്രകാരം പറളി ഹയർ സെക്കന്ററി സ്കൂളിൽ അനുവദിച്ച അഡീഷണൽ സയൻസ് ബാച്ചിൽ, 21.8.2017 -ലെ G.O (MS) No.106/2017/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തസ്തികകൾ സൃഷ്ടിച്ചും അപ്ഗ്രേഡ് ചെയ്തും ഉത്തരവായപ്പോൾ ആയതിന് മുൻകാല പ്രാബല്യം അനുവദിച്ചിരുന്നില്ല. ആയതിനാലാണ് ശ്രീമതി. ദിവ്യ. കെ.എം. ന് എച്ച്.എസ്.എസ്.റ്റി സുവോളജി തസ്തികയിലും, ശ്രീമതി.ധനലക്ഷ്മി. എം ന് എച്ച്.എസ്.എസ്.റ്റി ബോട്ടണി തസ്തികയിലും മലപ്പുറം മേഖല ഉപമേധാവി 21.8.2017 മുതൽ നിയമനാംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ടി സർക്കാർ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ പാലക്കാട് കിനാവല്ലൂർ പറളി ഹയർ സെക്കന്ററി സ്കൂളിൽ 2014-15 അദ്ധ്യയന വർഷം മുതൽ 21.8.2017 വരെയുള്ള എച്ച്.എസ്.എസ്.റ്റി തസ്തികയിലെ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കണമെന്ന ഹർജിക്കാരുടെ ആവശ്യം നിരസിച്ച് തീർപ്പാക്കി അപ്രകാരം പരാമർശം 1 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം),
ഹൗസിംഗ് ബേർഡ് ബിൽഡിംഗ്, തിരുവനന്തപുരം.
ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവി,
സിവിൽ സ്റ്റേഷൻ,മലപ്പുറം

മാനേജർ, പറളി ഹയർ സെക്കന്ററി സ്കൂൾ, കിനാവല്ലൂർ, പറളി, പാലക്കാട്.
പ്രിൻസിപ്പൽ, പറളി ഹയർ സെക്കന്ററി സ്കൂൾ, കിനാവല്ലൂർ, പറളി, പാലക്കാട്.
ശ്രീമതി.എം.ധനലക്ഷ്മി,ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ബോട്ടണി)
പറളി ഹയർ സെക്കന്ററി സ്കൂൾ, കിനാവല്ലൂർ, പറളി, പാലക്കാട്.
ശ്രീമതി.കെ.എം.ദിവ്യ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (സുവോളജി)
പറളി ഹയർ സെക്കന്ററി സ്കൂൾ, കിനാവല്ലൂർ, പറളി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 03-01-2024 12:44:27

സെക്ഷൻ ഓഫീസർ